(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) എം.എൽ.എ.-യിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ട്. ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി താലൂക്കാശുപത്രിയിൽ മെഡിക്കൽ റിക്കോർഡ്സ് ലൈബ്രറി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

സ്കൂളുകൾ കേന്ദ്രീകരിച്ച് ആരോഗ്യവകുപ്പ് നടത്തിയ സർവ്വെ റിപ്പോർട്ട്

46 (4849) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ സ്കൂളുകളിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും സംബന്ധിച്ച് സർവ്വെ നടത്തുകയുണ്ടായോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സർവ്വെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

ഉത്തരം

(എ&ബി) വയനാട് ജില്ലയിലെ സ്കൂളുകളിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും സംബന്ധിച്ച് സർവ്വെ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനതലത്തിൽ നടത്തപ്പെടുന്ന സേഫ് കേരള പരിപാടിയുടെ ഭാഗമായി 13-5-2015, 28-5-2015 എന്നീ തീയതികളിൽ വയനാട് ജില്ലയിലെ 327 സ്കൂളുകളിൽ പരിശോധന നടത്തുകയും അടിസ്ഥാന സൗകര്യം, ശുചിത്വം എന്നീകാര്യങ്ങളിൽ വീഴ്ച കണ്ടെത്തിയ സ്ഥാപനങ്ങളിൽ നോട്ടീസ് നൽകുകയും സമയോചിതമായി വീഴ്ചകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്.

റേഡിയേഷൻ തെറാപ്പിയിൽനിന്ന് വീണ് രോഗി മരിക്കാനിടയായ സംഭവം

47 (4850) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly